(ബി) കടാശ്വാസ കമ്മീഷനിൽ ലഭിച്ച അപേക്ഷകളിൽ അനുവദിച്ച അപേക്ഷകൾ സംബന്ധിച്ചും കമ്മീഷൻ ശിപാർശ ചെയ്ത തുക സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. എന്നാൽ കമ്മീഷൻ കർഷകർക്ക്/ സംഘങ്ങൾക്ക് നൽകിയിരുന്ന 24794 അവാർഡുകളിലായി 33,78,76,405 രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തതിൽ വകുപ്പുതല പരിശോധനയിൽ അർഹത ഉണ്ടെന്ന് കണ്ടെത്തിയ 20998 അവാർഡുകളിലായി 27,48,48,859 രൂപ ഇതിനോടകം അർഹതപ്പെട്ട അവാർഡുകൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ ഒരേക്കറിൽ കവിയാതെ സ്വന്തമായോ മറ്റ് വിധത്തിലോ കൃഷിഭൂമിയുള്ള കർഷകർ 31-3-2006 വരെ എടുത്തിരുന്ന 25,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത വകയിൽ 32 സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ 32472 വായ്പകളിലായി 14,38,45,120 രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത തുകയിൽ ഇനി സർക്കാർ അനുവദിക്കേണ്ട തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. എന്നാൽ കമ്മീഷൻ നൽകിയിരുന്ന അവാർഡുകളിൽ 24794 അവാർഡുകളിലായി സർക്കാർ അനുവദിച്ചിരുന്ന 33,78,76,405 രൂപയിൽ കേന്ദ്ര കടാശ്വാസ പദ്ധതിയിൻ കീഴിലോ സംസ്ഥാന സർക്കാരിന്റെ മറ്റേതെങ്കിലും കടാശ്വാസ പദ്ധതിയിൻ കീഴിലോ ആനുകൂല്യം ലഭ്യമായിട്ടില്ലാത്ത 20998 അവാർഡുകളിലായി 27,48,48,859 രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 3796 അവാർഡുകളിലായി 6,30,27,546 രൂപയുടെ വകുപ്പുതല പരിശോധനാ നടപടി പുരോഗമിച്ചു വരികയാണ്. ആയത് അടിയന്തരമായി പൂർത്തിയാക്കി അർഹതപ്പെട്ട തുക സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്.

(ഡി) സർക്കാർ 24794 അവാർഡുകളിലായി അനുവദിച്ച 33,78,76,405 രൂപയിൽ വിനിയോഗിക്കാൻ ബാക്കി നിൽക്കുന്ന 6,30,27,546 രൂപ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി വകുപ്പുതല പരിശോധന പൂർത്തിയാക്കി അർഹതപ്പെട്ട അവാർഡുകൾക്ക് അടിയന്തരമായി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചിട്ടുണ്ട്.

സർക്കാരിൽ നിന്ന് വായ്പ വാങ്ങിയ സഹകരണ സ്ഥാപനങ്ങൾ

18 (2270) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലയളവിൽ സർക്കാരിൽ നിന്ന് പണം കടം വാങ്ങിയിട്ടുണ്ടെന്നും അവ എന്താവശ്യത്തിനാണെന്നും അവ ഏതെല്ലാം സ്ഥാപനങ്ങളാണെന്നും ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു കോടിയിലധികം തുക സർക്കാരിൽ നിന്ന് വായ്പ വാങ്ങിയ സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും വായ്പാ തീയതിയും സംഖ്യയും തിരിച്ചടവിന്റെ വിശദ വിവരവും ലഭ്യമാക്കുമോ ;

(സി) ഒരു കോടിയിലധികം തുക സർക്കാരിന് കുടിശ്ശികയാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും കുടിശ്ശിക സംഖ്യ എത്രയെന്നും ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ?

ഉത്തരം

(എ) വിശദമായ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 8 സഹകരണ സംഘങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. (വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.)*

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഒരു കോടിയിലധികം വായ്പ നൽകിയ സഹകരണ സംഘങ്ങളിൽ ഒരു കോടിയിലധികം തുക സർക്കാരിന് കുടിശ്ശികയാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഇല്ല.

സഹകരണ സ്ഥാപനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ക്ഷേമസാധനങ്ങൾ

19 (2271) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിവേണി മാർക്കറ്റുകൾ അടക്കമുള്ള സഹകരണ സ്ഥാപനങ്ങൾ സബ്സിഡി നിരക്കിൽ ഏതെല്ലാം ക്ഷേമ്യ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട് ; ഇതിനായി കഴിഞ്ഞ വർഷവും ഈ വർഷവും (2009-10, 2010-2011) എന്ത് തുക ചെലവഴിച്ചു ;

(ബി) ഇതിന് വേണ്ടി സംസ്ഥാന സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ത്രിവേണി മാർക്കറ്റുകൾ അടക്കമുള്ള സഹകരണ സ്ഥാപനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ക്ഷേമ്യസാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

സർക്കാർ സബ്സിഡിയോടെ വിൽപ്പന നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly